(e) A copy of the Notifications G.O. MS. No. 130/69/DD dated 28th March 1969 (S.R.O. No. 149/69) issued by the Government under clause (b) of sub-section (2) of Section 367 of the Kerala Municipal Corporations Act, 1961 (30 of 1961) containing amendment to the Kerala Municipal Corporations (Decision of Election Disputes) Rules, 1962

(f) A copy of the Notification G.O. (MS) 146/69/DD dated 1st April 1969 issued by the Government under sub-section (1) of section 7 and section 19 of the Kerala Places of Public Resort Act, 1963, (40 of 1963) containing amendment to the Kerala Places of Public Resort Rules, 1965.

(g) A copy of the Second Annual Report 1967–1968 of the Kerala Tourists & Handicrafts Corporation Ltd., as required under section 619(a) 3 of the Companies Act, 1956.

(h) The Kerala Municipal Corporations (Amendment) Ordinance, 1969 (Ordinance No. 2 of 1969) promulgated by the Governor on the 14th May 1969.

PRESENTATION OF REPORTS

Chief Minister (**Shri E. M. Sankaran Namboodiripad**): I, Chairman, Committee of Privileges present the Third Report of the Committee of Privileges.

Shri M. P. Mohammed Jafferkhan: I, Chairman, Committee on Public Undertakings, Present the First Report of the Committee on Public Undertakings (1969–70).

ശ്രീ. കെ. ടി ജേക്കബ്ബ് : സർ, നമ്മുടെ നിയമസഭയിലെ ധനകാര്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട ശ്രീ. പി. കെ. കുഞ്ഞു് രാജിവയ്ക്കുകയും അദ്ദേഹം അന്വേഷണ വിധേയനായിരിക്കുകയും ചെയ്യുന്ന വിവരമറിയാം. സാധാരണയായി രാജിവയ്ക്കുന്ന കൃബിനറ്റംഗങ്ങളും സഭ കൂടുമ്പോൾ സഭയിൽ വന്നു് ഒരു പ്രസ്താവന ചെയ്യുക എന്നുള്ളതു് നമ്മുടെ സഭയുടെ നടപടിച്ചട്ടങ്ങളിൽ ഉള്ളതാണു്. അങ്ങിനെ ഇവിടെ നടന്നു കണ്ടില്ല.

മി സ്പീക്കർ : അങ്ങിനെ ഒരു പ്രസ്താവന ചെയ്യണമോ വേണ്ടയോ എന്നുള്ളതു് തീരുമാനിക്കുന്നതിനുള്ള സ്വതന്ത്ര്യം രാജിവെച്ചുപോകുന്ന ബഹുമാനപ്പെട്ട മന്ത്രിക്കാണു്. വേണമെങ്കിൽ പറയാം. അല്ലെങ്കിൽ പറയാതിരിക്കാം.

ശ്രീ. കെ. ടി. ജേക്കബ്ബ് : ഈ സഭയിൽ രാജിവെച്ച വിവരം പറയേണ്ടതും പ്രസ്താവന ചെയ്യേണ്ടതുമാണു് നടപടി ക്രമം. ഈ സഭയെ ബഹുമാനിക്കുന്നതിനു വേണ്ടിയെങ്കിലും അങ്ങനെ ചെയ്യേണ്ടതു് .....

മി. സ്പീക്കർ : അദ്ദേഹം ഇവിടെവന്നു് പ്രസ്താവന ചെയ്തില്ലെന്നുവച്ചു് അദ്ദേഹത്തിനു് സഭയോടു് എന്തെങ്കിലും ബഹുമാനക്കുറവുണ്ടെന്നുധരിക്കുന്നതു തെറ്റാണു്. അങ്ങനെ ബഹുമാനക്കുറവു് ഉണ്ടായിരിക്കുകയില്ലെന്നുള്ളതു് തീർച്ചയാണു്.

ശ്രീ. കെ. എം. ജോർജ്ജ് : ബഹുമാനപ്പെട്ട ശ്രീ. പി.കെ.കുഞ്ഞു് ധനകാര്യമന്ത്രിയായി ഇപ്പോൾ ട്രഷറി ബെഞ്ചിൽ കാണുന്നില്ല. എങ്ങനെ അദ്ദേഹം പോയി എന്നുള്ളതു് അദ്ദേഹം പറഞ്ഞില്ലെങ്കിലും മുഖ്യമന്ത്രിക്കു് അതു പറയാമായിരുന്നു. ശ്രീമാൻ ഇമ്പിച്ചിബാവ സ്ഥാനംമാറി ഇപ്പോൾ മുൻബെഞ്ചിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ, ഐക്യമുന്നണി മന്ത്രിസഭയിലെ ഒരു മന്ത്രി മാത്രമുള്ള പാർട്ടിയിലെ മന്ത്രി മുൻവശത്ത് ഇരിക്കുകയല്ലെ നല്ലത്? അങ്ങനെ ചെയ്യാത്തത് ഏതായാലും ശരിയായില്ല. അദ്ദേഹത്തെ മുൻപിൽ ഇരുത്തുന്നതായിരിക്കും കൂടുതൽ നല്ലത്. ഒരു സ്നേഹപൂർണ്ണമായ നിർദ്ദേശം ഞാൻ മുഖ്യമന്ത്രിക്കു നൽകുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സീറ്റിംഗ് അറേഞ്ച്മെന്റ് മുൻപ് നടന്നിരുന്നതനുസരിച്ച് ചെയ്യുകയുണ്ടായി.

ശ്രീ. കെ. എം. ജോർജ്ജ്: ഇതിൽ തെറ്റൊന്നുമില്ല എന്നാലും മുഖ്യമന്ത്രിയോട് സ്നേഹപൂർവ്വം പറയുകയാണ്. ഈ മന്ത്രിസഭ അഞ്ചുകൊല്ലവും നിലനിൽക്കണമെന്ന് ആഗ്രഹമുള്ളതുകൊണ്ടു പറയുകയാണ്. ഒരു കക്ഷിക്ക് ഒരു മന്ത്രി മാത്രമുള്ളപ്പോൾ അദ്ദേഹത്തെ പുറകിൽ ഇരുത്തുന്നതു ശരിയാണോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിമേനോൻ): എന്റെ സ്നേഹിതനായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി.കെ.കുഞ്ഞിന്റെ പേരിൽ ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമായാലും അടിസ്ഥാനമുള്ളതായാലും ശരി, താൽക്കാലികമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം രാജിവച്ചു. അങ്ങനെ അദ്ദേഹം ഒഴിഞ്ഞ സീറ്റിൽ പെന്നു ഞെളിഞ്ഞിരിക്കണമെന്നുള്ള ആഗ്രഹം എനിക്കില്ലാത്തതുകൊണ്ട് ഞാൻ അതിനെപ്പറ്റി പറയുന്നില്ല.

മി. സ്പീക്കർ: ഇതൊരു പ്രശ്നമായിട്ടെടുക്കുന്നില്ല. സാധാരണഗതിയിൽ അങ്ങനെ വന്നു എന്നേയുള്ളൂ.

LEGISLATIVE BUSINESS

Motion for extension of time for presentation of Select Committee Reports

The Kerala Gaming (Amendment) Bill

Chief Minister **(Shri E. M. Sankaran Namboodiripad)**: Sir, I move that the time for the presentation of the Report of the Select Committee on the Kerala Gaming (Amendment) Bill, 1969 be extended till the 5th August 1969.

Industries Minister **(Shri T. V. Thomas)**: I second it.

The motion was put and carried.

The Kerala Land Conservancy (Amendment) Bill

Chief Minister **(Shri E. M. Sankaran Namboodiripad)**: Sir, on behalf of the Revenue Minister, I move that the time for the presentation of the Report of the Select Committee on the Kerala Land Conservancy (Amendment) Bill, 1968 be extended till the 5th August, 1969.

Industries Minister **(Shri T. V. Thomas)**: I second it.

The motion was put and carried.

The Kerala Electricity Duty (Amendment) Bill

Industries Minister **(Shri T. V. Thomas)**: Sir, on behalf of the Minister for Agriculture and Electricity, I move that the time for the presentation of the Report of the Select Committee on the Kerala Electricity Duty (Amendment) Bill, 1968 be extended till the 5th August, 1969.

LIBRARY ARCHIVES Kerala Legislative Assembly